ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in, dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575

ഡയറക്ടർ: 0471-2444011

മെഡിക്കൽകോളേജ്. പി.ഒ, തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

നമ്പർ.എച്ച് 1/732/2019/മെ.വി.വ. തീയതി:02-03-2025

## പരിപത്രം

വിഷയം : മെ.വി.വ -ജീവനകാര്യം-ക്യൂറേറ്റർ തസ്തികയിൽ സ്ഥാനക്കയറ്റ നിയമനം നൽകുന്നത് സംബന്ധിച്ച് :-

പരാമർശം :
1.സർക്കാർ ഉത്തരവ്(കൈ നം.1116/61/Health തീയതി 18.07.1963.
2.സർക്കാർ ഉത്തരവ്(കൈ) നം.256/77/ Health തീയതി 1.1.19.77.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കോഴിക്കോട്/ ആലപ്പുഴ/ തൃശ്ശൂർ/കോട്ടയം/ ഇടുക്കി മെഡിക്കൽ കോളേജുകളിൽ ക്യൂറേറ്റർ തസ്തികയിൽ നിലവിലുള്ള ഓരോ ഒഴിവുകളിലേയ്ക്ക് പരാമർ ശത്തിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം (ബൈ ട്രാൻസ്ഫർ) വഴി നിയമനം നടത്തുന്നതിലേയ്ക്കായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1, ലാബ് അസിസ്റ്റന്റ് (ജൂനിയർ റിസർച്ച് അസിസ്റ്റന്റ്) ,ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2,ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 (മീഡിയ മേക്കിംഗ്) എന്നീ തസ്തികകളിൽ ജോലി ചെയ്തു വരുന്നവരിൽ നിന്നോ ചുവടെ ചേർക്കുന്ന യോഗ്യത ഉള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

ശമ്പള നിരക്ക് :39300-83000
യോഗ്യത : ബി എസ് സി- സുവോളജി

അപേക്ഷകർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രൊഫോർമ യഥാവിധി പൂരിപ്പിച്ച് വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെ പകർപ്പുകൾ സഹിതം മാർച്ച് 5 തീയതിയ്ക്ക് മുൻപ് ബന്ധപ്പെട്ട മേലധികാരി മുഖേന അതാത് പ്രിൻസിപ്പലിന് സമർപ്പിക്കേണ്ടതും പ്രിൻസിപ്പൽമാർ പ്രസ്തുത അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ച് സാക്ഷ്യപ്പെടുത്തി മാർച്ച് 10 തീയതിയ്ക്കോ അതിനു മുൻപോ ഈ കാര്യാലയത്തിൽ ലഭിയ്ക്കുന്ന തരത്തിൽ അയയ്ക്കേണ്ടതുമാണ്.വൈകി ലഭിയ്ക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

THOMAS MATHEW

Signed by
Thomas Mathew
Date: 02-03-2025 19:20:35

DIRECTOR

സ്വീകർത്താവ് :

1. പ്രിൻസിപ്പൽ,ഗവ.മെഡിക്കൽ കോളേജ്,
   തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/ തൃശ്ശൂർ/കോഴിക്കോട്/ഇടുക്കി
   /മഞ്ചേരി/കൊല്ലം/എറണാകുളം/കോന്നി/കാസർഗോഡ്
2. പ്രിൻസിപ്പൽ,ദന്തൽ കോളേജ്
   തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/തൃശ്ശൂർ/കോഴിക്കോട്
3. ഡയറക്ടർ , കണ്ണാശുപത്രി,തിരുവനന്തപുരം
4. വെബ് സൈറ്റ് /ഫയൽ